

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പുതുനഗരം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-പി.കെ.ഡി.പി19-1297/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 25/09/2025
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുതുനഗരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുതുനഗരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുതുനഗരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ്

പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പാലക്കാട്.

3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-പി.കെ.ഡി.പി19-1297/25

തീയ്യതി: 25/09/2025

പാലക്കാട് ജില്ലയിലെ പുതുനഗരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പുതുനഗരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 09-12-2024 മുതൽ 06-07-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 16-07-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ

ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ഷോബി.വി.പി.	ഡെപ്യൂട്ടി ഡയറക്ടർ	07-07-2025	16-07-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
07-07-2025	16-07-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

രാജൻ.കെ - ഓഡിറ്റ് ഓഫീസർ
ശബ്നാദാസ്.എസ്. - സീനിയർ ഗ്രേഡ് ഓഡിറ്റർ
രാജേശ്വരി.സി. - സീനിയർ ഗ്രേഡ് ഓഡിറ്റർ
ഷാജിനീസ.എൻ - ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയ (വ
ശ്രീമതി.സുധീറ ഇസ്മയിൽ	പ്രസിഡന്റ്	01-04-2024	31-0 202
ശ്രീമതി.രേണുകാദേവി.ആർ.	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-04-2024	16-0 202
ശ്രീ.അജുദേവ്.വി	സെക്രട്ടറി	17-05-2024	31-1 202

ശ്രീമതി.സിനു പ്രിയ ജോൺ	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-11-2024	03-0 202
ശ്രീ.അമൽ മാർട്ടിൻ ആന്റണി.എസ്	സെക്രട്ടറി	04-01-2025	31-0 202

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്
ശ്രീമതി.റീജ.എം.എസ്.	കൃഷി ഓഫീസർ
ശ്രീമതി.രാധ.എൽ.	ഐ.സി.ഡി.എസ്.സൂപ്പർവൈ
ശ്രമതി.രേണുകാദേവി.ആർ	അസിസ്റ്റന്റ് സെക്രട്ടറി
ശ്രീ.അബ്ദുൾഹക്കീം.എസ്.എ.	അസിസ്റ്റന്റ് സെക്രട്ടറി
ശ്രീമതി.സിനു പ്രിയ ജോൺ	അസിസ്റ്റന്റ് സെക്രട്ടറി
ഡോ.ബിജിഷ	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.
ഡോ.റിയാസ്	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.
ഡോ.അഭിരാമി	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.
Vacant	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.
ഡോ.അഞ്ജു.എം.ഹനീഫ	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.
ഡോ.രാഗേഷ്.ആർ.	മെഡിക്കൽ ഓഫീസർ, ആയുർവേദം
ഡോ.അമ്മു.ബി.ബി.	മെഡിക്കൽ ഓഫീസർ, ആയുർവേദം
ഡോ.സോമ.ടി.ജി	വെറ്ററിനറി സർജൻ
ശ്രീമതി.കമർബിവി.എം.	ഹെഡ് മിസ്ട്രസ്സ്

ശ്രീമതി.സൌജ മോൾ.എ.	ഹെഡ് മിസ്ട്രസ്സ്(ഇൻ ചാർജ്)
ശ്രീ.അബ്ദുൾ സലീം.കെ.	ഹെഡ് മാസ്റ്റർ
ഡോ.വിനേഷ്.പി.വി.	മെഡിക്കൽ ഓഫീസർ, ഹോമിയോ
ശ്രീ.കൃഷ്ണനുണ്ണി.കെ.സി.	അസിസ്റ്റന്റ് എഞ്ചിനിയർ
ശ്രീ.സുദർശൻ.എം.	ഡയറി ഫാം ഇൻസ്ട്രക്ടർ
ശ്രീ.നെൽസൺ.സി.	വി.ഇ.ഒ - 1
ശ്രീമതി.ലളിത.സി.	വി.ഇ.ഒ. - II

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല	1-1-1
3	ക്യാഷ് ഫ്ലോ സ്റ്റേറ്റ്മന്റിലെ അപാകത	1-1-2
4	വാർഷിക കണക്കും രജിസ്റ്ററുകളിലെ വാർഷിക സംക്ഷിപ്തങ്ങളും പൊരുത്തപ്പെടുന്നില്ല.	1-1-3
5	വാർഷിക കണക്കിലെയും സുലേഖ ചെലവ് പത്രികയിലെയും ചെലവ് തുകകൾ പൊരുത്തപ്പെടുന്നില്ല	1-1-4
6	ആസ്തി വിവരങ്ങൾ കാലികമാക്കിയിട്ടില്ല	1-1-5
7	ബജറ്റ്	1-2
8	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പെയ്മെന്റ് പ്രകാരം)	1-3
9	ഫണ്ട് വിനിയോഗം	1-4
10	പദ്ധതി അവലോകനം	1-5
11	തൊഴിലുറപ്പ് പദ്ധതി	1-6
12	സാമൂഹിക സുരക്ഷ പെൻഷൻ	1-7
13	ക്യാഷ് പരിശോധന	1-8
14	ആഭ്യന്തരനിയന്ത്രണം	1-9
15	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
16	അൺ എയ്ഡഡ് സ്കൂളുകൾക്ക് വസ്തു നികുതി ഈടാക്കിയിട്ടില്ല.	1-11
17	തൊഴിൽ നികുതി പിരിവ് സംബന്ധിച്ച അപാകങ്ങൾ	1-12
18	ലൈസൻസ് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ	1-13
19	വാടക കുടിശ്ശികയിനത്തിൽ വൻ തുക ഈടാക്കാനവശേഷിക്കുന്നു.	1-14
20	വിനോദനികുതി-അപാകങ്ങൾ	1-15

21	കെ-സ്മാർട്ട് സോഫ്റ്റ് വെയർ -അപാകങ്ങൾ	1-16
22	അടുക്കള മുറ്റത്തെ കോഴി വളർത്തൽ-പദ്ധതി തൻവർഷത്തിൽ നടപ്പാക്കിയില്ല.	1-17
23	ലൈഫ് ഭവന നിർമ്മാണം - പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്	1-18
24	ഭരണ സമിതി യോഗങ്ങളുടെ മിനുട്സ് അംഗീകരിക്കുന്നതിൽ കാലതാമസം	1-19
25	സ്പിൽ ഓവർ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കപ്പെടുന്നില്ല-	1-20
26	വയോജനങ്ങൾക്ക് കട്ടിൽ - വാങ്ങിയ കട്ടിലുകൾ മുഴുവനും വിതരണം ചെയ്തിട്ടില്ല	1-21
27	അങ്കണവാടി കെട്ടിടങ്ങൾക്ക് അധിക വാടക – ഓഡിറ്റ് നിരീക്ഷണങ്ങൾ	1-22
28	ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - നഗരസഭയിൽ നിന്നും അനുവദിച്ച തുക ക്രെഡിറ്റ് ആയില്ല-തുടർനടപടി വിവരം ലഭ്യമല്ല-	1-23
29	ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങൽ-മുഴുവൻ മരുന്നും ലഭ്യമാക്കിയിട്ടില്ല.	1-24
30	മുഴുവൻ തുകയ്ക്കുള്ള മരുന്നുകളും ലഭ്യമായിട്ടില്ല	1-25
31	സത്രവട്ടാരം അങ്കണവാടി നിർമ്മാണം - പൂർത്തീകരണ വിവരം ഇല്ല-	1-26
32	ഡെപ്പോസിറ്റ് പ്രവൃത്തികൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്	1-27
33	തനത് ഫണ്ടിൽ നിന്നും നൽകിയ മുൻകൂറുകൾ ക്രമീകരിക്കേണ്ടതാണ്	1-28
34	പഠനമുറി നിർമ്മാണം- പൂർത്തീകരണം ഉറപ്പുവരുത്തേണ്ടതാണ്	1-29
35	ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും അവലോകനം	1-30
36	മരാമത്ത് പ്രവൃത്തികൾ - അവലോകനം	1-31
37	ഗ്രാമപഞ്ചായത്തിലെ ആംബുലൻസിന്റെ ഉപയോഗം	1-32

38	അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഇ-ടെണ്ടർ ഫീ ഇനത്തിൽ അവശേഷിക്കുന്ന തുക പഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറിയിട്ടില്ല	1-33
39	ജലജീവൻ മിഷൻ പദ്ധതി- അവലോകനം	1-34
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	മെഡിസെപ് പ്രീമിയം- തുക ഒടുക്കിയതിന്റെ വിശദാംശങ്ങൾ	4-1
2	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-2
3	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-5
6	വായ്പ / വായ്പാതിരിച്ചടവ്	4-6
7	സ്ഥിര നിക്ഷേപം	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-9
10	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	വാർഷിക കണക്ക് സംഗ്രഹം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. പുതുനഗരം ഗ്രാമ പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികക ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 05-06- നം. തീരുമാനം പ്രകാരം അംഗീകരിച്ച് 11-06-2025 തീയ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ച ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാല മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡി പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷി വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ ല ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പില മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളി ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാ വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വ

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ

വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ട
ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീ
സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ
റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമാ
സാക്ഷ്യപ്പെടുത്തുന്നു.

ബി. <u>വിശേഷണങ്ങളോട് കൂടിയ അഭിപ്രായം</u>

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അ
വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷ
പുതുനഗരം ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷ
ധനകാര്യപത്രികകൾ 31.03.2025ൽ അവസാനിച്ച സാമ്പത്തിക
ഇടപാടുകളുടെയും 31.03.2025ലെ സാമ്പത്തിക നിലയു
ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം:പാലക്കാട്

തീയതി:25.09.2025

1-1-1 അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്ര കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം താ ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

എ) ചട്ടം 62 ഇ – അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ – പ്ര നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടും

ബി) ചട്ടം 62 എഫ് – അടിസ്ഥാന അനുപാതങ്ങൾ

1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മന്റിലെ അപാകത

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മന്റ് പ്രകാരം 2024-25 കാലയളവിലെ "Net Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4213872 ര പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating ആയി രേഖപ്പെടുത്തിയിരിക്കുന്നത് 8246598രൂപയാണ അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ പൊരുത്തപ്പടേണ്ടതാണെങ്കിലും ബ്ലോക്ക് പഞ്ചായത്ത് സമർപ്പ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-3 വാർഷിക കണക്കും രജിസ്റ്ററുകളിലെ വാർഷിക പൊരുത്തപ്പെടുന്നില്ല.

ചുവടെ രേഖപ്പെടുത്തിയിട്ടുള്ള ഇനങ്ങളിൽ രജിസ്റ്ററുകളിലെ വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല.

ഇനം	അക്കൗണ്ട് ഹെഡ്	അക്കൗണ്ട്സ് പ്രകാരം	
Licence Fee For Factories,Traders, Enterpreneures&Other Services	ഡിമാന്റ് (I -4)	176460	1
	വരവ് (RP-4)	101200	1
Professional Tax-Employees	വരവ് (RP-1)	884250	9
Rent From Building	ഡിമാന്റ് (I -3)	942396	8
“	വരവ് RP-45	516526	5
“	ബാലൻസ് B-15	425870	3

മേൽ അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്ത
മറുപടി ലഭ്യമാക്കിയിട്ടില്ല.

1-1-4 വാർഷിക കണക്കിലെയും സുലേഖ ചെലവ് പ്ര ചെലവ് തുകകൾ പൊരുത്തപ്പെടുന്നില്ല

വികസന ഫണ്ട് (ജനറൽ) വാർഷിക ധനകാര്യ പത്രിക പ്രകാര
എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് 11472237 രൂ
രൂപ.

വാർഷിക ധനകാര്യ പത്രിക പ്രകാരം വികസന ഫണ്ട് എ
രൂപയാണ്. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം ച
വ്യത്യാസം 40000 രൂപ.

AFS പ്രകാരം മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ചെലവ് 4
ചെലവ് പത്രിക പ്രകാരം ചെലവ് ₹3902616 ആണ്. വ്യത്യാസം 15

1-1-5 ആസ്തി വിവരങ്ങൾ കാലികമാക്കിയിട്ടില്ല

ആസ്തി വിവരങ്ങൾ കാലികമാക്കാത്തതിനാൽ ബാലൻസ് ഷ
Assets, B-11(A) - Accumulated Depreciation , B-11(E)- Capital Expenses
പ്രകാരമുള്ള മൂല്യത്തിന്റെ കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞി

1-2 ബജറ്റ്

09.02.2024ന് ചേർന്ന യോഗത്തിലെ തീരുമാനം 1 പ്രകാരം 6
22.02.2025 ന് ചേർന്ന യോഗത്തിലെ തീരുമാനം 4 (1) പ്രകാരം ബ
ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

	പരിഷ്കരിച്ച ബജറ്റ് പ്രകാരം
മുന്നിരിപ്പ്	2503641
തൻവർഷം വരവ്	247013250
ആകെ വരവ്	249516891
ചെലവ്	244212500
നീക്കിയിരിപ്പ്	5304391

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പെയ്മെന്റ്

മുന്നിരിപ്പ്	17528555
വരവ്	37933699
ആകെ	55462254
ചെലവ്	33719827
നീക്കിയിരിപ്പ്	21742427

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻ ബാക്കി	തൻവർഷ വരവ്	ആകെ	ചെ
വികസനഫണ്ട് – ജനറൽ	0	12298000	12298000	1229
വികസനഫണ്ട് – എസ്.സി.പി	0	6947000	6947000	4504
മെയ്ന്റനൻസ് ഗ്രാന്റ് റോഡ്	0	5830000	5830000	5182
മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ്	0	4894000	4894000	4054
സെൻട്രൽ ഫിനാൻസ് കമ്മീഷൻ	2061899	2303259	4365158	2388

ഗ്രാന്റ്-അണ്ടൈഡ് ഗ്രാന്റ്				
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്	2447942	4914000 + 1872580	9234522	5108

വികസന ഫണ്ട് (ജനറൽ) വാർഷിക ധനകാര്യ പത്രിക പ്രകാര
എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് 11472237 രൂ
രൂപ.

വാർഷിക ധനകാര്യ പത്രിക പ്രകാരം വികസന ഫണ്ട് എസ്.സ
രൂപയാണ്. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ്
വ്യത്യാസം 40000 രൂപ.

AFS പ്രകാരം മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ചെലവ് 405
ചെലവ് പത്രിക പ്രകാരം ചെലവ് ₹3902616 ആണ്. വ്യത്യാസം 15
റിവൈസ് ചെയ്യുന്നതിന് സമർപ്പിച്ച 5 പ്രോജക്ടുകൾ വെറ്റിംഗ് ല
സുലേഖ സ്റ്റേറ്റ്മന്റിൽ ഉൾപ്പെടാതെ പോയതിനാലാണ് ഇപ്രകാ
വന്നിട്ടുള്ളത്.

കേന്ദ്രാവിഷ്കൃതം

എ)

	മുന്നിരിപ്പ്	വരവ്	ആകെ	ചെല
ICDS കേന്ദ്രവിഹിതം	277677	2267039	2544716	195364
സമ്പൂർണ്ണശുചിത്വം	243624	0	243624	0
ഹെൽത്ത് ഗ്രാന്റ് (അടിസ്ഥാന സൗകര്യ വികസനം)	181935	526075	708010	135143
ഹെൽത്ത് ഗ്രാന്റ് (രോഗ നിർണ്ണയ സൗകര്യം)	365366	326294	691660	211589
BRGF	16826	0	16826	0
സ്വച്ഛ് ഭാരത് അഭിയാൻ	0	542607	542607	542607

ബി) തൊഴിലുറപ്പു പദ്ധതി

	മുന്നിരിപ്പ്	വരവ്	ആകെ	ചെല
അഡ്മിനിസ്ട്രേറ്റീവ് ചെലവ്	2054	1205870	1207924	12049
തൊഴിലാളികളുടെ വേതനം	0	11459924	11459924	11459
ആകെ	2054	12665794	12667848	12664

സംസ്ഥാനാവിഷ്കൃതം

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീ
ലൈഫ് മിഷൻ	300000	1000000	1300000	400000	900
ശുചിത്വ മിഷൻ	975217	212927	1188144	430045	758
വിമുക്തി	8355	0	8355	0	835

പ്രത്യേകോദ്ദേശ്യ ഗ്രാന്റ്

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീ
കുടുംബശ്രീ ജില്ലാ മിഷൻ-ആശ്രയ	30000	0	30000	0	30

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കി ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാ (എണ്ണ
249	84213108	141	43837889	0	108

വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കി നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥർ	പദ്ധതികളുടെ എണ്ണം	നടപ്പാക്കിയത്	ആകെ അടങ്കൽ തുക	ചെ ത
കൃഷി ഓഫീസർ	5	5	5752133	39
വി.ഇ.ഒ. I	10	4	18215530	32
വി.ഇ.ഒ. II	4	3	9952000	38
ഐ.സി.ഡി.എസ് സൂപ്പർവൈസർ	13	12	5548229	52
സെക്രട്ടറി	101	31	11937244	86
അസിസ്റ്റന്റ് എഞ്ചിനിയർ	69	52	20338366	11
മെഡിക്കൽ ഓഫീസർ-PHC	13	9	3337550	17
മെഡിക്കൽ ഓഫീസർ-ആയുർവേദം	4	4	1016608	10
മെഡിക്കൽ ഓഫീസർ-ഹോമിയോ	2	1	110000	10
വെറ്ററിനറി സർജ്ജൻ	3	2	319000	13
പ്രധാന അധ്യാപകൻ	5	3	1628000	12
അസിസ്റ്റന്റ് സെക്രട്ടറി	18	13	5663448	26
ഡയറി ഫാം ഇൻസ്ട്രക്ടർ	2	2	395000	24
ആകെ	249	141	84213108	43

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ട കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഉറപ്പാക്കേണ്ടതാണ്.

1-6 തൊഴിലുറപ്പ് പദ്ധതി

	മുന്നിരിപ്പ്	വരവ്	ആകെ	ചെല
അഡ്മിനി സ്ട്രേറ്റീവ് ചെലവ്	2054	1205870	1207924	12049
തൊഴിലാളികളുടെ വേതനം	0	11459924	11459924	11459
ആകെ	2054	12665794	12667848	12664

1-7 സാമൂഹിക സുരക്ഷ പെൻഷൻ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ കൊടുക്കുന്നു.

ക്രമ നം.	ക്ഷേമ പദ്ധതി	ചെലവഴിച്ച തുക	ഗു ക്ക എ
1	കർഷക തൊഴിലാളി പെൻഷൻ	202200	129
2	വിധവാ പെൻഷൻ	1265600	923
3	വാർദ്ധക്യകാല പെൻഷൻ	2108000	164
4	വികലാംഗ പെൻഷൻ	387100	247
5	50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ	40600	26

1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് ബാലൻസ് പരിശോധന 11.07.2025 തീയ്യതിയിൽ 2.20pm സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. പ്രസ്തുത ദിവ അറുനൂറ്)രൂപ നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിച്ച് ബേ

1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴു അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജ ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്.

അക്കൗണ്ടിംഗ് റൂൾസ് പ്രകാരം സൂക്ഷിക്കേണ്ട എല്ലാ ര
സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്. വാർഷിക പ
നിർദ്ദേശങ്ങൾക്കനുസൃതമായി നടപ്പിലാക്കുന്നതിന് ശ്രദ്ധ
വിഹിതം വിനിയോഗിച്ച് പദ്ധതി നടപ്പാക്കുന്നുണ്ടെങ്ക
ഉറപ്പാക്കാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിക്കുന്നില്ല.
ആവശ്യകത എന്നിവ ചർച്ചചെയ്ത് ദീർഘവീഷണത്തോടെ
രൂപീകരിക്കാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്. കെ.സ്മാർ
അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേ

എല്ലാ പേമെന്റുകളും ശരിയായ രീതിയിൽ വ
വൗച്ചറിനോടൊപ്പം ഒറിജിനൽ ബില്ലുകൾ സൂക്ഷിക്കുന്നുണ്ട്.

യോഗമിനുട്സുകൾ ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ
ലഭ്യമാക്കി ക്ലോസ് ചെയ്യേണ്ടതാണ്.

ആംബുലൻസ് ഉപയോഗപ്രദമാക്കുന്നതിനുള്ള നടപടികൾ സ്വ

ചെലവഴിക്കാത്ത ഗ്രാന്റുകൾ തുടർവർഷങ്ങളിൽ ന
സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പരമാവധി അത
ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ വികസന
ശ്രദ്ധിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

അക്കൗണ്ടന്റ് ജനറലിന്റെ 18-2-2011 മുതൽ 1-3-2011 വരെയുള്ള
2009-10 വർഷം വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ട
തിയതി, 6-6-2017 നം. കത്ത് പ്രകാരം എല്ലാ ഖണ്ഡികകളും തീർ

പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ 12/2
പൂർത്തിയാക്കിയിട്ടുണ്ട്. അതിൻ പ്രകാരം 2021-22 വർഷ
ഉൾപ്പെടെ 12/2022വരെ 84 ഖണ്ഡികകൾ തീർപ്പാക്കാൻ
പരാമർശങ്ങൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച

1-11 അൺ എയ്ഡഡ് സ്കൂളുകൾക്ക് വസ്തു നികുതി ഈടാ

അൺ എയ്ഡഡ് സ്ഥാപനങ്ങളുടെ ഹയർസെക്കൻഡറി തലം
ആവശ്യത്തിനും അനുബന്ധ ആവശ്യങ്ങൾക്കും ഉപയോഗി
വിദ്യാഭ്യാസ സ്ഥാപനത്തിലെ, വിദ്യാർത്ഥികൾ താ
കെട്ടിടത്തെയും വസ്തു നികുതി ചുമത്തുന്നത് ഒഴിവാക
പഞ്ചായത്ത് രാജ് ആക്ടിലെ ബന്ധപ്പെട്ട സെക്ഷൻ (സെക്ഷൻ
ഭേദഗതി ആക്ടിലൂടെ (2023 ലെ കേരള ധനകാര്യ(2-ാം നമ്പർ
പ്രാബല്യത്തിൽ ഒഴിവാക്കിയിട്ടുണ്ട്. 2023-24 വർഷം

സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾക്ക് ബാധകമായ വസ്തുനിക
ചെയ്യാവുന്നതാണ്. താഴെ സൂചിപ്പിക്കുന്ന സ്ഥപനങ്ങൾക്ക് 20
മുതൽ നികുതി ചുമത്തി ഡിമാന്റ് ചെയ്തു കാണുന്നില്ല.
ചേർക്കുന്നു.

ക്രമ നം.	വസ്തു നികുതി ഈടാക്കുവാൻ വിട്ടുപോയ സ്ഥാപനം	വസ്തു നികുതി ഈടാക്കേണ്ടുന്ന വർഷം	വാർഡ്/ കെട്ടിട നം.	നി
1	സെന്റ് മേരീസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ	2023-24& 2024-25	4/673	3877
2	ഇസ്ലാമിക് ഇംഗ്ലീഷ് മീഡിയം സ്കൂൾ	2023-24 & 2024-25	5/540	2028
3	വിദ്യോദയ ഇംഗ്ലീഷ് മീഡിയം സ്കൂൾ,	2023-24 & 2024-25	10/307	നി നി (സ പ്ര

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന അൺഎയിഡഡ് സ്ഥാ
നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാതിരുന്നതിന് കാ
ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്
ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ മറ്റ് അ
പ്രവർത്തിക്കുന്നുണ്ടോ എന്ന് കണ്ടെത്തി മേൽപ്പറഞ്ഞ സ്ഥാ
അൺ എയ്ഡഡ് സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുത
അറിയിക്കേണ്ടതാണ്.
ക്രമ നം.3 വിദ്യാഭ്യാസ സ്ഥാപനത്തിന് നികുതി നിർണ്ണയ
കാരണം വ്യക്തമാക്കേണ്ടതാണ്.

1-12 തൊഴിൽ നികുതി പിരിവ് സംബന്ധിച്ച അപാക

1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ
പ്രദേശത്തിനുള്ളിൽ ഒരു കമ്പനിയേക്കാ അല്ലെങ്കിൽ വ്യ
ജോലിസ്ഥലമോ ഉണ്ടെങ്കിൽ അങ്ങനെയുള്ള ക

പ്രദേശത്തിനുള്ളിൽ ബിസിനസ്സ് ചെയ്യുന്നതായോ വ്യക്തി ര ഏർപ്പെട്ടിരിക്കുന്നതായോ കരുതാവുന്നതും തൊഴിൽ നികുത

2024-25 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേൺസ് എ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തി.

I.കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ LID & EW വിഭാഗത്തിൽ സൂക്ഷിച്ചി എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം വിവിധ കരാറുകളിലേർപ്പെട്ടിരിക്കുന്ന താഴെ പറയുന്ന കരാറുകാ നികുതി ഈടാക്കിയിട്ടില്ല.

1.പ്രശാന്ത്.എസ്.

2.ഷാജഹാൻ

3.സമീന.എച്ച്

4.മുസഫർ അഹമ്മദ്

5.ഫൈസൽ അലി

6.സഞ്ജയ്.കെ.എസ്

മേൽ അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷ സഞ്ജയ്.കെ.എസ് എന്ന കരാറുകാരൻ തൊഴിൽ നികുതി അ കരാറുകാരുടെ തൊഴിൽനികുതി ഉടൻ ഈടാക്കു നൽകിയിട്ടുണ്ട്.

II)ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1.Filzaz Garments

2.Nighty World

3.Grant Plaza Restaurant

4.Kallanpalli Ayurgraham

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ത അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

III)അക്ഷയ സെന്ററുകൾ, റേഷൻ ഷോപ്പുകൾ എന്നീ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഒരു റേഷൻ ഷോപ്പിൽ നിന്നും തൊഴിൽ നികുതി ഈടാക്ക ഷോപ്പുകളിൽ നിന്നും അക്ഷയ സെന്ററുകളിൽ ന ഈടാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

മേൽപ്പറഞ്ഞ കരാറുകാരിൽ നിന്നും സ്ഥാപനങ്ങളിലെ
തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ

1-13 ലൈസൻസ് പരിശോധനയിൽ കണ്ടെത്തിയ അ

1999-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപ
പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങ
ഗ്രാമപഞ്ചായത്തിന്റെ പ്രദേശത്തിന്റെ അതിർത്തിക്കുള്ളി
മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ അ
പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടുള
സ്ഥാപനങ്ങളുടെ ലൈസൻസ് അപേക്ഷകളും രജിസ്റ്ററും
പറയുന്ന സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുകയോ പുതുക്കുകയോ

ക്രമ നം.	സ്ഥാപനത്തിന്റെ പേര്
1	Dr.Shobha's Homeopathy
2	Pudunagaram Medical Centre
3	Dr.Sabitha's Clinic
4	24 Hours Hospital
5	Strak Care Clinic

Dr.Shobha's Homeopathy 2025-26 വർഷത്തേക്ക് ലൈസൻസ് എടു
Clinic പെരുവെമ്പ് പഞ്ചായത്ത് പരിധിയിൽ ആണെന്നും മറ്റ്
ചെയ്യുന്നതിന് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും ഓഡിറ്റ്
13/14.07.2025)മറുപടി നല്കിയിട്ടുണ്ട്.

ഫീൽഡ് പരിശോധന നടത്തി പഞ്ചായത്ത് പരിധിയി
ആശുപത്രികളെയും പാരാമെഡിക്കൽ സ്ഥാപനങ്ങളെയു
ചെയ്യുന്നതിനും ജീവനക്കാരിൽ നിന്നും തൊഴിൽ നി
നടപടികൾ സ്വീകരിക്കേണ്ടതാണ്.

II) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ ജിംനേഷ്യങ്ങളും 19
Resort Act പ്രകാരമുള്ള ലൈസൻസ് നേടിയിരിക്കേണ്ടത് ന
ഹൈക്കോടതി പുറപ്പെടുവിച്ച 11/07/2022 ലെ വിധിന്യായ
അടിസ്ഥാനത്തിൽ ത.സ്വ.ഭ.വ -ന്റെ എൽ.എസ്.ജി.ഡി -ആർ
സർക്കുലർ പ്രകാരം താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടു

1. സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ
അധികാരപരിധിയിൽ 1963 ലെ Kerala Public Places Of Resort Act പ്ര
ഏതെങ്കിലും ജിംനേഷ്യങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് കൃ

2. പ്രസ്തുത ആക്ട് പ്രകാരമുള്ള ലൈസൻസ് കൂടാതെ പ്രവർത്ത
മൂന്നുമാസത്തിനുള്ളിൽ ലൈസൻസ് നേടുവാൻ നിർദ്ദേശിച്ചു

3. നോട്ടീസ് നൽകുന്നതിന് മുൻപോ കൈപ്പറ്റിയ തീയതി മുത
കാലയളവിലോ ജിംനേഷ്യങ്ങളുടെ പ്രവർത്തനം തടസ്സപ്പെടു

വസ്തുനികുതി പരിഷ്കരണത്തിന്റെ (2023) ഭാഗമായി പുതുനഗ
31.07.2023 ലെ തീരുമാനം നം.2 പ്രകാരം കെട്ടിടങ്ങളെ ഉപ
എന്നിവയ്ക്കനുസൃതമായി വസ്തുനികുതി നിരക്കുകൾ
വിജ്ഞാപനം ചെയ്തിട്ടുണ്ട്. വിജ്ഞാപന പ്രകാരം ഗ്രാമപ
സ്വിമ്മിംഗ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ (ഫീസ് ന
പ്രവേശിക്കാവുന്നവ/വാണിജ്യ സ്വഭാവത്തോട് കൂടിയവ) ത
മീറ്ററിന് 25 രൂപ നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ 2024-25
നിർണ്ണയ വിവരങ്ങൾ സഞ്ചയ സോഫ്റ്റ്വെയറിൽ
ഉപയോഗക്രമത്തിലുള്ള യാതൊരു സ്ഥാപനങ്ങളെയും നമ്പർ
ചുമത്തുകയോ ചെയ്തിട്ടില്ല.

ഗൂഗിൾ എർത്ത് മുഖേന പരിശോധിച്ചതിൽ താഴെ പറയുന്ന
നികുതി നിശ്ചയിക്കുകയോ ലൈസൻസ് നൽകുകയോ ചെയ്ത

1.Lift & Fit Fitness Centre & Gym

2.Vas Amstrong Fitness Centre

3.Rimberio Fitness Centre





ജിംനേഷ്യങ്ങൾക്ക് വസ്തു നികുതി ചുമത്തിയിട്ടില്ലെന്നും നമ്പ
അപേക്ഷ സമർപ്പിക്കുന്ന പക്ഷം ലൈസൻസ്
അറിയിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ സ്ഥാപനങ്ങളെ വസ്തു നികുതിയുടെ പരിധി
ലൈസൻസ് എടുപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ട

III) റേഷൻ ഷോപ്പുകൾ ലൈസൻസ് എടുത്തിട്ടില്ല.

നിലവിൽ ഒരു റേഷൻ കട മാത്രമാണ് ലൈസൻസ് എട
കടകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും മറുപടി നൽകിയി
മേൽപ്പറഞ്ഞ സ്ഥാപനങ്ങൾക്ക് ലൈസൻസ് ഏർ
അറിയിക്കേണ്ടതാണ്.

1-14 വാടക കുടിശ്ശികയിനത്തിൽ വൻ തുക ഈടാക്

2024-25 വർഷത്തിലെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ച
ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലും മറ്റ് കടമുറികളി
മുറികളുടെ വാടക കുടിശ്ശിക 425870 രൂപ പിരിച്ചെടുക്കാൻ അ
കണ്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം.	വാടകയ്ക്ക് നൽകിയ ഇനം	റൂം നമ്പർ	പ്രതിമാസ വാടക	
1	ഷോപ്പിംഗ് കോംപ്ലക്സ്	10	3256	1
2	“	12	3256	3
3	“	15	2394	2
4	വനിത തൊഴിൽശാല	1	3150	3
5	വനിത തൊഴിൽശാല	2	4200	5
6	ഫിഷ് മാർക്കറ്റ്	1	3152	3
7	“	3	3152	3
8	“	4	3152	3
9	“	5	3152	3
10	“	6	3152	3
11	“	7	3450	4
12	നെല്ലിമേട് വാട്ടർ ടാങ്ക്	2	1838	2
ആകെ				4

ക്രമ നം. 1, 6, 9, 11, 12 പ്രകാരമുള്ള കടമുറികളുടെ വാടക കുടി
അടവാക്കിയിട്ടുണ്ടെന്നും ബാക്കി കുടിശ്ശിക അ
നൽകിയിട്ടുണ്ടെന്നും ഓഡിറ്റ് അന്വേഷണത്തിന് (
നൽകിയിട്ടുണ്ട്. ക്രമ നം. 7, 8, 9, 10 കടമുറികൾ മുൻ
കുടിശ്ശിക അടവാക്കാനവശേഷിക്കുന്നു എന്നിരിക്കെ തുടർ

പുതുക്കി നൽകിയത് ചട്ട വിരുദ്ധമായി ഓഡിറ്റ് വില
അടവാക്കിയില്ലെങ്കിൽ എഗ്രിമെന്റ് റദ്ദ് ചെയ്ത് കടമുറികൾ
റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കേ
2) ഷോപ്പിംഗ് കോംപ്ലക്സിലെ 16-ാം നമ്പർ കടമുറി 2023 ഏപ്രി
കിടക്കുന്നതായി കാണുന്നു. പിന്നീട് ലേലം ചെയ്ത് ഒഴിവ്
കടമുറി അറ്റകുറ്റ പണി നടത്തുന്നതിന് പ്രൊജക്ട് റ
നടത്തിയിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്.

3) മുൻവർഷങ്ങളിലെ കുടിശ്ശിക 271887 രൂപ പിരി
പിരിച്ചെടുക്കുന്നതിന് നോട്ടീസ് നൽകി റവന്യൂ റിക്കവ
വരുന്നുണ്ട് എന്ന് മറുപടി നൽകിയിട്ടുണ്ട്.

4) ഷോപ്പിംഗ് കോംപ്ലക്സ് വാടക സംബന്ധിച്ച ബൈലോ
ഭരണസമിതി അംഗീകരിച്ച് തുടർനടപടികൾ സ്വ
അറിയിച്ചിട്ടുണ്ട്.
കുടിശ്ശിക ഇനത്തിൽ വൻ തുക ഈടാക്കാനവശേഷിക്കുന
കാര്യക്ഷമമല്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഓരോ വർഷ
കുടിശ്ശിക വരുന്നതിനാൽ വാടക പിരിക്കുന്നതിൽ കാര്യ
നടത്തേണ്ടതാണെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു.

1-15 വിനോദനികുതി-അപാകങ്ങൾ

1961 ലെ Kerala Local Authorities Entertainments Tax Act ലെ സെക്ഷൻ
തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിനോദത്തിനായുള്ള
നിരക്കിൽ വിനോദ നികുതി ഈടാക്കുന്നതിനുള്ള അധികാര

2024-25 വർഷത്തെ വാർഷിക കണക്ക് പ്രകാരം ആകെ
നികുതി ഇനത്തിലെ വരവ്.വരവിന്റെ കൃത്യത പരിശോധി
തിയറ്റർ ഉടമ സമർപ്പിക്കുന്ന പ്രതിമാസ സ്റ്റേറ്റ്മെന്റു
വിധേയമാക്കിയതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത

1)പുതുനഗരം ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന
വർഷത്തേക്കുള്ള ലൈസൻസ് അപേക്ഷ പ്രകാരം സ്ക്രീൻ
സ്ക്രീൻ രണ്ടിൽ140 സീറ്റുകളും നിലവിലുണ്ട്. തിയറ്റർ ഉടമ
സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടുള്ള ടിക്കറ്റു
ആനുപാതികമായാണ് നിലവിൽ വിനോദനികുതി ഈ
ഒടുക്കിയ ടിക്കറ്റുകളുടെ എണ്ണത്തിനനുസരിച്ചുള്ള
ഈടാക്കേണ്ടതെങ്കിലും ജി.എസ്.ടി റിട്ടേണുകൾ
പരിശോധിക്കുന്നില്ല. കൃത്യത പരിശോധിക്കാതെ തിയറ്റർ
വരവായി രേഖപ്പെടുന്ന രീതിയാണ് തുടർന്നുവരുന്നത്.

2)തദ്ദേശ സ്വയംഭരണ (ആർ.സി.) 18.01.2024 ലെ സ.ഉ.(സാധാ)നം പ്രകാരം കേരളത്തിലെ സിനിമ തിയേറ്ററുകൾ ലൈസൻ അപേക്ഷ സമർപ്പിക്കുമ്പോൾ സിനിമ സെസ് ഇനത്തിൽ തെ വരെ നൽകേണ്ടതായ തുക അടച്ചു തീർത്തതായുള്ള കേരള പ്രവർത്തന ക്ഷേമനിധി ബോർഡിൽ നിന്നുള്ള No Due C സർട്ടിഫിക്കറ്റ്) നിർബന്ധമായും സമർപ്പിക്കേണ്ടതാണ്.പുതു 2024-25 വർഷത്തേക്ക് ലൈസൻസ് നൽകുമ്പോൾ പ്രസ്തുത വ്യവ ഉടമ സമർപ്പിച്ചിട്ടുള്ള പ്രതിമാസ സ്റ്റേറ്റ്മന്റുകളിൽ ടിക്ക സർവ്വീസ് സെസ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സാംസ്കാരിക പ്രവർത്തന ക്ഷേമനിധി ബോർഡിൽ ഒടുക്ക ലഭ്യമല്ല.

പ്രസ്തുത അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അനേ ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

<u>ഓഡിറ്റ് നിർദ്ദേശം.</u>

• തിയറ്ററിൽ നിന്നും ജി.എസ്.ടി റിട്ടേണുകൾ ഹാജരാക്കേണ്ടതാണ്.

• തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാസം തോറും പിരിച്ചെടുക്കുന്ന വിനോദ നികുതിക്കൊപ്പം സിനിമാ സെ മാസങ്ങളിൽ തന്നെ കേരള സംസ്ഥാന സാംസ്കാരിക ബോർഡിൽ ഒടുക്കേണ്ട ചുമതല തദ്ദേശ സ്വയംഭരണ സെക്രട്ട No Due Certificate നുള്ള അപേക്ഷ കേരള സംസ്ഥാന സാംസ്കാരിക ബോർഡിൽ തിയറ്റർ ഉടമ ഇ-മെയിൽ മുഖേന സമർപ്പിക്കേണ്ട ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ഇ-മെയിൽ ആ

• ലൈസൻസ് നൽകുന്നതിന് മുൻപായി കേരള സംസ്ഥാന ക്ഷേമനിധി ബോർഡിൽ നിന്നുള്ള No Due Certificate(കുടിശ്ശി തിയേറ്റർ ഉടമകൾ ഹാജരാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ട

<u>1-16 കെ-സ്മാർട്ട് സോഫ്റ്റ് വെയർ -അപാകങ്ങൾ</u>

തദ്ദേശസ്വയംഭരണ(ഇ.ജി) വകുപ്പിന്റെ 10.04.2025 തിയ്യ നം.66/2025/L.S.G.D നമ്പർ ഉത്തരവിലെ നിർദ്ദേശമ ഗ്രാമപഞ്ചായത്തിൽ 11.04.2025 തീയതി മുതൽ കെ.സ്മാർട്ട് വന്നിട്ടുണ്ട്. പ്രസ്തുത തീയതി മുതൽ നാളിതുവരെ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കു

1.2025 ഏപ്രിൽ മുതൽ ബാങ്ക് അക്കൌണ്ടുകളുടെ റീ കൺസി

2.താഴെ പറയുന്ന ബാങ്ക് അക്കൌണ്ടിൽ 01/04/2025 ന നടന്നുവെങ്കിലും കെ-സ്മാർട്ട് ബാങ്ക് ബുക്കിൽ വന്നിട്ടില്ല.

ഇൻഡ്യൻ ബാങ്ക്-526189704-NREGS A/C

3.ഓരോ ബാങ്ക് അക്കൗണ്ടുകളുടെ ബാങ്ക് ബുക്കിലെയും നീക്കിയിരിപ്പ്, ദൈനംദിന നീക്കിയിരുപ്പുകൾ കൂട്ടിച നീക്കിയിരുപ്പുകൾ മുതലായവ ലഭ്യമല്ല.

4.ഓൺലൈനായി ചെയ്യപ്പെടുന്ന പേയ്മെന്റുകളുടെ തുക IK A/C No.67390495828 (Own Fund) ലാണ് ക്രെഡിറ്റ് ആവുന്നത്. കെ-സ് ശേഷമുള്ള ടി പേയ്മെന്റുകളുടെ വരവിന്റെ ക വിധേയമാക്കിയതിൽ 2025 ഏപ്രിൽ മാസത്തിലും തു ഓൺലൈൻ പേയ്മെന്റ് ആയി ഡേ ബുക്കിലും ബ കാണിച്ചിരിക്കുന്ന തുകകൾ അതാത് ദിവസങ്ങളിലോ തുട പ്രസ്തുത ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടില്ല പേയ്മെന്റുകളുടെ വരവിന്റെ കൃത്യത പരിശോധിക്കുവാൻ

ഉദാ: കെ-സ്മാർട്ട് സോഫ്റ്റ്വെയർ നിലവിൽ വന്നതിനു ശേ നടത്തിയ ഈ-പേയ്മെന്റ് വിശദാംശങ്ങൾ (ഡേ ബുക്ക് പ്രകാര

ക്രമ നം.	ഇ-പേയ്മെന്റ് ആയി വരവ് രേഖപ്പെടുത്തിയ തീയതി	തുക
1	15/04/2025	2370
2	16/04/2025	4790
3	19/04/2025	6059
4	21/04/2025	1094
5	22/04/2025	4051
6	23/04/2025	11816
7	24/04/2025	3394
8	25/04/2025	1303
9	28/04/2025	2413
10	30/04/2025	3989
ആകെ		41279

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷ മറുപടി ലഭ്യമാക്കിയിട്ടില്ല. റീ കൺസി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ “Cheque Issued But Not Presented In

Not Credited, Directly Credited To Bank, Directly Debited By Bank” എന്നി
അവശേഷിക്കുന്ന തുകയുടെ ആധികാരികത ഓഡിറ്റിൽ ഉറ
സോഫ്റ്റ് വെയറിൽ ബാങ്ക് അക്കൗണ്ടുകളുടെ നീക്കിയിരു
പണം വരവ്, പിൻവലിക്കൽ എന്നിവയുടെ കൃത്യത പരി
സൃഷ്ടിക്കുന്നു. മേൽ പറഞ്ഞിട്ടുള്ള അപാകങ്ങൾ
ശ്രദ്ധയിൽപ്പെടുത്തി അടിയന്തിരമായി പരിഹരിക്കുന
സ്വീകരിക്കേണ്ടതാണ്.

1-17 അടുക്കള മുറ്റത്തെ കോഴി വളർത്തൽ-പദ്ധതി ത
നടപ്പാക്കിയില്ല.

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായ താ
നടപ്പിലാക്കിയിട്ടില്ല.

പ്രോജക്ട് നം.	പ്രോജക്ടിന്റെ പേര്	ഫണ്ട്/ അടങ്കൽ
3	അടുക്കള മുറ്റത്തെ കോഴി വളർത്തൽ	തനത് ഫ 156000, മറ്റുള്ളവ
ആകെ		169000

പദ്ധതി നടപ്പാക്കാത്തത് സംബന്ധിച്ച് അന്വേഷണത്തിന്(നം.24/16.07.2025) പ്രസ്തുത പദ്ധതി സ്ഥിൽ
നടപ്പാക്കിയിട്ടുണ്ട് എന്ന് മറുപടി നൽകിയിട്ടുണ്ട്. അം
പദ്ധതികളെല്ലാം തൻവർഷം തന്നെ നടപ്പിലാക്കുവാൻ ശ്രദ്ധി

1-18 ലൈഫ് ഭവന നിർമ്മാണം - പൂർത്തീകരിക്കുന്ന
സ്വീകരിക്കേണ്ടതാണ്

ഓഡിറ്റ് വർഷത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർ
ലൈഫ് ഭവന നിർമ്മാണ പദ്ധതി പ്രകാരം ആവിഷ്കരിച്ച് നട
വിവരങ്ങൾ താഴെ ചേർക്കുന്നു.

പ്രോജക്ട് നം.	പ്രോജക്ടിന്റെ പേര്	അടങ്കൽ	
68/25	ലൈഫ് ഭവന പദ്ധതി ജനറൽ VEO - I	9364780 (864780-വികസന ഫണ്ട് ജനറൽ, 2500000-സംസ്ഥാനാവിഷ്കൃത ഫണ്ട്, 2000000-ബ്ലോക്ക്	304000 (58000 ഫണ്ട് 200000 സംസ്ഥ ഫണ്ട് ബ്ലോ

		പഞ്ചായത്ത് വിഹിതം, 1500000- ജില്ലാ പഞ്ചായത്ത് വിഹിതം, 2500000- ലോൺ)	പഞ്ച വിഹ ജില്ലാ വിഹ ലോ
73/25	ലൈഫ് പാർപ്പിട പദ്ധതി എസ്.സി.പി VEO - II	8000000 (1380000- വികസന ഫണ്ട് SCP , 2000000- സംസ്ഥാനാവിഷ്കൃത ഫണ്ട്, 1500000- ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 1500000- ജില്ലാ പഞ്ചായത്ത് വിഹിതം, 1620000 - ലോൺ)	308000 (13800 ഫണ്ട് സംസ് ഫണ്ട് ബ്ലോ പഞ്ച വിഹ ജില്ലാ വിഹ

ലൈഫ് 2020 ജനറൽ, എസ്.സി, ഫേസ് 3 എന്നിവയിൽ കരാറി പൂർത്തിയാക്കിയവരുടെയും എണ്ണം താഴെ ചേർക്കുന്നു.

	കരാറിൽ ഏർപ്പെട്ടത്	നിർമ്മാണം പൂർത്തിയായത്	റിമാർക്ക
ലൈഫ് 2020 - ജനറൽ	10	ഇല്ല	2 പേർ പൂർത്ത ഓണർ സർട്ടിപ ലഭിക്കു അവസ നൽകു അറിയ
ലൈഫ് 2020 – എസ്.സി	26	8	16 പേർ ഗഡു മാ കൈപ്പ
ലൈഫ് - ഫേസ് 3 - ജനറൽ	20	18	അവശേ പേർ അ ഗഡു കൈപ്പ

ലൈഫ് ഫേസ് 3 - എസ്.സി	7	4	അവശേ പേർ അ ഗഡു കൈപ്പ

രജിസ്റ്റർ പ്രകാരം നിർമ്മാണം പൂർത്തീകരിക്കാ മുൻവർഷങ്ങളിൽ എഗ്രിമെന്റ് വച്ച് നിർമ്മാണം ആരംഭ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതുമായ ഗുണഭോക്താ ചേർക്കുന്നു.

ക്രമ നം.	ഗുണഭോക്താവിന്റെ പേര്	കാറ്റഗറി	നിർമ്മാണം ആരംഭിച്ച വർഷം	കൈപ്പ തുക
1	കയറുന്നീസ, W/O അബ്ദുൾ മുത്തലീഫ്, ഉന്നൻ ചാത്തൻ തെരുവ്	ജനറൽ	2021-22	360000
2	ചിത്ര, W/O നാരായണൻ, ഏറാട്ട് വീട്, കരിപ്പോട്	ജനറൽ	2021-22	360000
3	ബിന്ദു, W/O സുന്ദരൻ, ചെട്ടിയത്ത് കുളമ്പ, കരിപ്പോട	എസ്.സി	2022-23	340000
4	സത്യഭാമ, W/O കൃഷ്ണൻ, തച്ചംകോട്	എസ്.സി	2021-22	360000
5	സുമിത്ര W/O ദേവദാസൻ, കൊല്ലത്തുകൊളുമ്പ്	എസ്.സി	2021-22	360000

മേൽപറഞ്ഞ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന് നിർമ്മാണം പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ച നടപട അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.25/1 ക്രമ നം.1, 2 എന്നീ ഗുണഭോക്താക്കൾ പൂർത്തീകര ഘട്ടത്തിലാണെന്നും പൂർത്തീകരണത്തിനായി നേരിട്ടും നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ക്രമ നം.3, 4, 5 എന്നിവ മേൽക്കൂര വരെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്ന പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ

മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം എഗ്രിമെന്റ് വ്യ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-19 ഭരണ സമിതി യോഗങ്ങളുടെ മിനുട്ട്സ് അംഗീകരി കാലതാമസം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസമിതി ആക്കുന്നതിനായി ഐ.കെ.എം. വികസിപ്പിച്ച സകർമ്മ ആ 3630/2015/തസ്വഭവ തീയതി 3.12.2015 ഉത്തരവിന്റെ അ സ്ഥാപനങ്ങളിൽ വിന്യസിച്ചിരുന്നു. എന്നാൽ സകർമ്മ ആ ഭരണസമിതിയോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോ പൂർത്തീകരിക്കുന്നതിൽ 1995-ലെ കേരള പഞ്ചായത്ത് രാജ് നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26 പ്രകാരമുള്ള സമയപരി വ്യക്തമായി. ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്നുദി മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനാ എന്നാൽ മിനിട്ട്സ് തയ്യാറാക്കുന്നതിൽ കാലതാമസം ഉ തയ്യാറാക്കി അയച്ച ദിവസം തന്നെ പ്രസിഡന്റ് അംഗീകരിച്ചി മിനിട്ട്സ് തയ്യാറാക്കുന്നതിലെ കാലതാമസത്തിന് ഉദാഹരണ

യോഗം ചേർന്ന തീയതി	സെക്രട്ടറി മിനിട്ട്സ് തയ്യാറാക്കി അംഗീകാരത്തിനായി അയച്ച തീയതി
27.11.24	25.1.25
31.12.24	3.2.25
9.1.25	5.3.25
16.1.25	5.3.25
30.1.25	2.5.25
5.2.25	6.6.25
22.2.5	5.5.25
1.3.25	22.4.25
20.3.25	6.5.25
7.3.25	16.4.25
10.4.25	21.5.25

ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ യോഗമിനിട്ട്സ് വാങ്ങാതിരുന്നതിനുള്ള സാഹചര്യം വ്യക്തമാക്കാൻ അന്വേഷണത്തിന് (നം.7/11.7.25) മറുപടി നൽകിയിട്ടില്ല. ഭരണ സമയബന്ധിതമായി അംഗീകാരം വാങ്ങേണ്ടതാണ്.

1-20 സ്പിൽ ഓവർ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കപ്പെടുന്നില്ല-

വി.ഇ.ഒ I നിർവഹണ ഉദ്യോഗസ്ഥനായി മുൻവർഷങ്ങളി വർഷത്തിൽ സ്പിൽ ഓവർ ആക്കിയ താഴെ പറയുന്ന നടപ്പിലാക്കിയില്ല. പ്രവൃത്തികൾ സമയബന്ധിതമ കഴിയാതിരുന്നതിന്റെ കാരണവും പ്രസ്തുത പ്രവൃത്തികള വിവരവും അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണ പറയും പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ക്രമ നം.	പ്രൊജക്ട്	അടങ്കൽ	ഫണ്ടിനം	നടപ്പി
1	122/25 – ലൈഫ് ഭവന പദ്ധതി ജനറൽ (SO)	7620000	2300000 - സംസ്ഥാനാവിഷ്കൃത ഫണ്ട്, 1520000 - ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 1500000- ജില്ലാ പഞ്ചായത്ത് വിഹിതം, 2300000- ലോൺ)	ഹഡ്കോ തുകയ ഗ്രാന്റ ചെയ്തത ആനുപ ഗുണഭോ ആനുക സാധിച
2	147/25 – സെപ്റ്റിക് ടാങ്കോട്ടുകൂടിയ സോക്കപിറ്റ് (SO)	450000	128990 – CFC, 315000 - കേന്ദ്രാവിഷ്കൃത ഫണ്ട്, 6010 – തനത് ഫണ്ട്	ലഭ്യമാ ഗുണഭോ മാത്രമാ അർഹ
3	146/25 – ബൊക്കാഷി ബക്കറ്റ് വിതരണം (SO)	233750	212500 - CFC, 21250 – ഗുണഭോക്തൃ വിഹിതം	82 ഗുണ വകയി ഘട്ടങ്ങ ഗുണഭോ ലഭ്യമാ ഗുണഭോ തൻവർ ചെയ്യു വർഷ ചെലവ

സ്പിൽ ഓവർ പ്രൊജക്ടുകൾ ഉൾപ്പെടുത്തി വാർഷിക സ്വീകരിക്കേണ്ട തുടർ നടപടികളും സംബന്ധിച്ച് പതിനാ മാർഗ്ഗരേഖ സ.ഉ(കൈ) നം.84/2022/തസ്വഭവ തീയതി-14/04/ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. സ്പിൽ ഓവർ പദ്ധതി പൂർത്തീകരിക്കേണ്ടതും അല്ലാത്ത പക്ഷം നിർവഹണ നട പ്രൊജക്ടുകളിൽ നടപ്പാക്കേണ്ടതില്ലെന്ന് കണ്ടെത്തുന്ന ഭാഗികമായി പൂർത്തീകരിച്ച പ്രൊജക്ടുകളുടെ നിർവഹണ രീതിയിൽ അവാസാനിപ്പിക്കാവുന്നതുമാണ്.

1-21 വയോജനങ്ങൾക്ക് കട്ടിൽ - വാങ്ങിയ കട്ടിലുകൾ ചെയ്തിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥൻ	ഐ സി ഡി എസ് സൂപ്പർവൈസർ
പ്രോജക്ട് നം./ പേര്	93/25, വയോജനങ്ങൾ കട്ടിൽ ജനറൽ
അടങ്കൽ	ആകെ - 1000000 600000-വികസനഫണ്ട് ജനറൽ 400000 – ബ്ലോക്ക് പഞ്ചായത്ത് വിഹിത
ചെലവ്	ആകെ - 915273 517815 - വികസനഫ ജനറൽ 397458 - ബ്ലോക്ക് പഞ്ചായത്ത് വിഹിത
ബിൽ നമ്പർ / തീയതി/തുക	37/24-03-25/279900 39/24-03-25/237915 38/24-03-25/397458

മേൽ പ്രൊജക്ട് പ്രകാരമുള്ള ആനുകൂല്യം അനുവദിക്കുന്നത് 16-01-2025 തീയതിയിലെ ഭരണസമിതി തീരുമാനം നം.1(4 ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്. ഇ ടെണ്ടർ ന തീയതിയില പ്രൊക്യുർമെന്റ് കമ്മിറ്റി ശുപാർശ, 20-03-2 തീരുമാനം നം.1(4), സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ, ചിറ്റൂരി 03-2025 – ലെ ഗുണനിലവാര പരിശോധനാ റിപ്പോർട്ട് എന്നിവ ഇടുക്കിയിലെ മുണ്ടിക്കുന്നേൽ ട്രേഡേഴ്സ് എന്ന സ്ഥാപനത്തിൽ വാങ്ങിയിട്ടുള്ളത്. ഇൻവോയിസുകളുടെയും വാങ്ങി വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം.	ഇൻവോയിസ് നം./തീയതി/തുക	വാങ്ങിയ കട്ടിലുകളു എണ്ണം
1	43/22-03-25/237915	85
2	44/22-03-25/397458	142

3	45/22-03-25/279900	100
	ആകെ	327

ഒരു കട്ടിലിന് 2799 രൂപ നിരക്കിൽ ആകെ 327 കട്ടിൽ വാങ്ങിയിട്ടുണ്ട്. വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ 320 പേർ ചെയ്തിട്ടുള്ളത് എന്ന് കാണുന്നു. രജിസ്റ്റർ പ്രകാരം 8 പേർ മരണ 60 വയസ് പൂർത്തിയാകാത്തതിനാലും ഒരു ഡബിൾ ഗുണഭോക്തൃ ലിസ്റ്റിലെ 12 പേർക്ക് നൽകിയിട്ടില്ല. ഗുണഭോക്ത പേരിൽ അവശേഷിക്കുന്ന 320 പേർക്ക് കട്ടിൽ വിതരണം ചെയ്യാത്ത 7 കട്ടിലുകൾ തുടർന്ന് വിതരണം ചെയ്തിട്ടുണ്ടോ എ തുടർ നടപടികളുടെ വിവരവും ലഭ്യമാക്കുന്നതിന് അന്വേഷണത്തിന്റെ മറുപടിയോടൊപ്പം (നം.16/14-07-2025) ഭരണസമിതി തീരുമാനം നം.1(4) ലഭ്യമാക്കി. ആയതു പ്രകാ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കുന്ന മുറയ്ക്ക് വ തീരുമാനിച്ചിട്ടുണ്ട്. ബാക്കി കട്ടിലുകൾ വിതരണം ചെയ്ത് വി അറിയിക്കേണ്ടതാണ്.

1-22 അങ്കണവാടി കെട്ടിടങ്ങൾക്ക് അധിക വാടക – ഒ നിരീക്ഷണങ്ങൾ

എ) പദ്ധതി ചെലവ് പൂർണമായും സുലേഖ പ്രതിഫലിച്ചില്ല

പ്രൊജക്ട് നം.20/25, അങ്കണവാടി കെട്ടിടങ്ങൾക്ക് അധിക വാ പറയും പ്രകാരം വിഭാവനം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. ന ഫയൽ പരിശോധന എന്നിവ പ്രകാരമുള്ള വിവരങ്ങൾ താഴെ

നിർവഹണ ഉദ്യോഗസ്ഥൻ	ഐ സി ഡി എസ് സൂപ്പർവൈസർ
പ്രോജക്ട് നം./ പേര്	20/25, അങ്കണവാടി കെട്ടിടങ്ങൾക്ക് അധിക വാടക
അടങ്കൽ	100000-മെയിന്റനൻസ് റോഡിതരം
ചെലവ്	33000
ബിൽ നമ്പർ/ തീയതി/തുക	25/20-02-2025/33000

പ്രൊജക്ട് പ്രകാരം താഴെ പറയുന്ന അങ്കണവാടികളുടെ വാട

തുക ചെലവഴിച്ചിട്ടുള്ളത്.

ക്രമ നം.	അങ്കണവാടി നം./സ്ഥലം	വാടക	റിമാർക്സ്
1	34, സത്രവട്ടാരം	5500	04/24 മുതൽ വരെ 11 മാസത്തെ 500രൂപ മാസവാടക
2	35, കച്ചേരി വട്ടാരം	22000	04/24 മുതൽ വരെ 11 മാസത്തെ 2000രൂപ മാസവാടക
3	39, വിശ്വ കർമ്മാ നഗർ	5500	04/24 മുതൽ വരെ 11 മാസത്തെ 500രൂപ മാസവാടക
	ആകെ	33000	

സുലേഖ ചെലവ് പത്രിക പ്രകാരം അങ്കണവാടി കെട്ടിട നൽകുന്നതിന് മേൽ പ്രൊജക്ട് മാത്രമാണ് ഡിപിസി വാങ്ങിയിട്ടുള്ളത്. പദ്ധതി ഫയൽ, ട്രഷറി ബിൽ ബുക്ക് എ അങ്കണവാടി കെട്ടിടങ്ങൾക്ക് അധിക വാടക നൽകുന്നതിന് മെയിന്റനൻസ് - റോഡിതരം ഫണ്ടിൽ നിന്നും ട്രഷറി ബി 42000രൂപ കൂടി പിൻവലിച്ചിട്ടുള്ളതായി കാണുന്നു. തുക പറയുന്ന അങ്കണവാടികളുടെ വാടക അടവാക്കുന്നതിനാണ ചേർക്കുന്നു.

ക്രമ നം.	അങ്കണവാടി നം./സ്ഥലം	വാടക	റിമാർ
1	33, വടക്കേ തെരുവ്	4000	03/23 മുതൽ വരെ 4 മാസത്തെ 1000രൂപ മാസവാടക

2	34, സത്രവട്ടാരം	10000	03/23 മുതൽ വരെ 4 മാസത്തെ 1500രൂപ മാസവാടക 07/23 മുതൽ വരെ 8 മാസത്തെ 500രൂപ മാസവാടക
3	35, കച്ചേരി വട്ടാരം	12000	03/23 മുതൽ വരെ 4 മാസത്തെ 1000രൂപ മാസവാടക 12/23 മുതൽ വരെ 4 മാസത്തെ 2000രൂപ മാസവാടക
4	36, നടുവത്ത് കുളമ്പ്	2000	03/23 മുതൽ വരെ 4 മാസത്തെ 500രൂപ മാസവാടക
5	37, കാട്ടുതെരുവ്	4000	03/23 മുതൽ വരെ 4 മാസത്തെ 1000രൂപ മാസവാടക
6	39, വിശ്വ കർമ്മാ നഗർ	10000	03/23 മുതൽ വരെ 4 മാസത്തെ 1500രൂപ മാസവാടക

			07/23 മുതൽ വരെ 8 മാസത്തെ 500രൂപ മാസവാടക
	ആകെ	42000	

വാടകക്കരാറിൽ ഏർപ്പെട്ടിട്ടുള്ള വിവിധ വ്യക്തികളുടെ അ
തുക അനുവദിച്ചു നൽകിയിട്ടുള്ളത്. പട്ടികയിൽ ചേർ
വിശദാംശങ്ങൾ, വെബ് സാംഖ്യയിലെ ട്രഷറി പെയ്മെന്റ് ബി
Proceedings Of The Agricultural Officer) എന്നിവ പരിശോധിച്ചതിൽ
ആസൂത്രണ സമിതിയുടെ DPC No.600/2023-24/DPC/DPO/PKD
അംഗീകാരം ലഭിച്ച പ്രൊജക്ട് നം.66/24 എന്ന പദ്ധ
പിൻവലിച്ചിട്ടുള്ളത് എന്ന് കാണുന്നു. 2024-25 വാർഷിക കണ
ഉൾപ്പെട്ടിട്ടുണ്ടെങ്കിലും സുലേഖ ചെലവു പ
ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ വാർഷിക കണക്കും സുലേഖ ചെ
ഈ വ്യാത്യാസം നിലനിൽക്കുന്നുണ്ട്. വിശദീകരണം ആവ
അന്വേഷണത്തിന്റെ (നം.16/14-07-25) മറുപടിയിൽ 100000രൂപ
പദ്ധതിയായി അംഗീകാരം വാങ്ങിയെങ്കിലും 42000രൂപയാണ്
തുക മറ്റ് ആവശ്യങ്ങൾക്ക് ചെലവഴിക്കുന്നതിന് ഡിപിസി യ്ക
ലഭ്യമായെങ്കിലും വെറ്റിംഗ് ലഭിച്ച് തിരികെ ലഭ്യമാകാത്ത
ചെലവു പത്രികയിൽ ചെലവ് ഉൾപ്പെടാതിരുന്നത് എന്ന്
വർഷങ്ങളിൽ ഇത്തരം അപാകതകൾ ആവർത്തിക്ക
ക്യത്യമായി ആസൂത്രണം ചെയ്ത് തുക വകയിരുത്തുന്നതിന് ശ്ര

**ബി) അങ്കണവാടികൾക്ക് സ്വന്തമായി സ്ഥലവും കെട്ടി
സുരക്ഷ ഉറപ്പാക്കുന്നതിനും നടപടികൾ സ്വീകരിക്കണ**

ഗ്രാമ പഞ്ചായത്ത് പരിധിയിലെ 17 അങ്കണവാടി കെട്ടിടങ്ങളു
ചേർക്കുന്നു.

1	അങ്കണവാടികളുടെ ആകെ എണ്ണം	17
2	സ്വന്തമായി കെട്ടിടമുള്ളവയുടെ എണ്ണം	10
3	സൗജന്യമായി ലഭിച്ച കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ എണ്ണം	0

4	വാടക കെട്ടിത്തിൽ പ്രവർത്തിക്കുന്നവ, ഇവക്ക് വാടകയിനത്തിൽ ചെലവാകുന്ന തുക, (വകുപ്പിൽ നിന്നും ലഭിക്കുന്ന തുക, അധിക വാടക നൽകുന്നത് ഉൾപ്പെടെ)	7 57000 (24000+3
5	കെട്ടിട നിർമാണം പുരോഗമിക്കുന്ന അങ്കണവാടികളുടെ എണ്ണം	1 ടെണ്ടർ നടപടി ക്ഷണി
6	കുക്കിങ്ങ് ഗ്യാസ് കണക്ഷൻ ഉള്ള അങ്കണവാടികളുടെ എണ്ണം	17
7	അങ്കണവാടി കെട്ടിടത്തിന് അകത്ത് തന്നെ ഗ്യാസ് സിലിണ്ടറുകൾ സൂക്ഷിക്കുന്ന അങ്കണവാടികളുടെ എണ്ണം	17

കുട്ടികളുടെ സുരക്ഷയെ ബാധിക്കുന്ന ഗൗരവമായ പ്രശ്നമാ
കെട്ടിടത്തിനകത്ത് സൂക്ഷിക്കുന്നത്. അങ്കണവാടി കെട്ടിട
പുതിയ അങ്കണവാടി കെട്ടിട നിർമ്മാണം എന്നീ ഘട്ടങ്ങളി
കെട്ടിടത്തിന് പുറത്ത് സ്ഥാപിക്കുന്ന തരത്തിൽ നിർമ്മാണം
നടത്താവുന്നതാണ്. ഈ വിഷയത്തിൽ ഭരണ സമിതിയുടെ
വകുപ്പിന്റെയും തുടർനടപടികൾക്കായി പ്രത്യേക ശ്രദ്ധക്ഷ

